## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1490** — **11/06/2019 ൽ മറുപടിക്ക്**

### ഇറക്കുമതി ചെയ്ത തോട്ടണ്ടിക്ക് കട്ടിംഗ് ടെസ്റ്റ്

| | ചോദ്യം<br>ശ്രീ.ഷാഫി പറമ്പിൽ | | ഉത്തരം<br>ശ്രീമതി. ജെ. മെഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ മന്ത്രി) |
|---|---|---|---|
| (എ) | കാഷ്യ ബോർഡ് വിദേശത്ത് നിന്നും തോട്ടണ്ടി വാങ്ങിയത് എപ്രകാരമാണെന്നും ഇക്കാര്യത്തിൽ ഇടനിലക്കാർ ഉണ്ടായിരുന്നോയെന്നും ഉണ്ടെങ്കിൽ അവർ ആരൊക്കെയാണെന്നും അറിയിക്കുമോ; | (എ) | ബന്ധപ്പെട്ട വിദേശ രാജ്യത്തെ പ്രാദേശിക ഭാഷാ പത്രങ്ങളിൽ പരസ്യം നൽകി ആഗോള മത്സര ടെണ്ടർ മുഖേനയാണ് തോട്ടണ്ടി ഇറക്കുമതി ചെയ്തിട്ടുള്ളത്. ഇടനിലക്കാർ ഉണ്ടായിരുന്നില്ല. |
| (ബി) | എത്ര മെട്രിക് ടൺ തോട്ടണ്ടിയാണ് കാഷ്യ ബോർഡ് ഇറക്കുമതി ചെയ്തത്; ഇത് എന്ത് വിലയ്ക്കാണ് വാങ്ങിയത് ; ഇറക്കുമതി ചെയ്ത തോട്ടണ്ടി കാഷ്യൂ വികസന കോർപ്പറേഷനും കാപ്പക്സിനും നൽകിയപ്പോൾ എന്ത് മാർജിൻ ലഭിച്ചു; വ്യക്തമാക്കുമോ; | (ബി) | കാഷ്യൂ ബോർഡ് വിവിധ ടെണ്ടറുകളിലായി വാങ്ങിയ തോട്ടണ്ടിയുടെ അളവ്, വില എന്നിവ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു. |

| | | അളവ് (ടൺ) | വില (ഡോളർ /ടൺ) |
|---|---|---|---|
| 1 | ഗിനി-ബിസ്സാവു | 2888 | 1815 |
| 2 | മൊസാംബിക് | 3048 | 1515 |
| 3 | ഘാന(1) | 3263 | 1445 |
| 4 | ഘാന(2) | 3276 | 1392 |
| 5 | ഘാന(3) | 5000 | 1044 |

ഗിനി-ബിസാവുവിൽ നിന്നുള്ള തോട്ടണ്ടിയ്ക്ക് ടണ്ണിന് 10 ഡോളർ എന്ന തുച്ഛമായ നിരക്കിലും മറ്റ രാജ്യങ്ങളിൽ നിന്നുള്ള തോട്ടണ്ടിയ്ക്ക് ടണ്ണിന് 15 ഡോളർ നിരക്കിലുമാണ് മാർജിൻ നിശ്ചയിച്ചിട്ടുള്ളത്.

| | | | |
|---|---|---|---|
| (സി) | വിദേശത്ത് നിന്നും ഇറക്കുമതി ചെയ്ത തോട്ടണ്ടിക്ക് കട്ടിംഗ് ടെസ്റ്റ് നടത്തിയിരുന്നോ; എങ്കിൽ ഏത് സ്ഥാപനമാണ് കട്ടിംഗ് ടെസ്റ്റ് നടത്തിയത്; വിശദാംശം നൽകുമോ; | (സി) | കട്ടിംഗ് ടെസ്റ്റ് നടത്തിയിരുന്നു. ആർ.ബി.എസ് മാരിടൈം സർവ്വീസസ് എന്ന സ്വതന്ത്ര ഏജൻസിയാണ് കട്ടിംഗ് ടെസ്റ്റുകൾ നടത്തിയത്. |
| (ഡി) | ഇറക്കുമതി ചെയ്ത തോട്ടണ്ടിക്ക് കട്ടിംഗ് ടെസ്റ്റ് നടത്തിയപ്പോൾ ലഭിച്ച ഔട്ട് ടേൺ കുറവാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; ഇതിന്റെ അടിസ്ഥാനത്തിൽ ഫൈനൽ ബിൽ നൽകിയപ്പോൾ എന്ത് വില കുറച്ചാണ് ഇറക്കുമതി ചെയ്ത തോട്ടണ്ടിക്ക് നൽകിയതെന്ന് അറിയിക്കുമോ? | (ഡി) | ഗിനി-ബിസ്സാവുവിൽ നിന്ന് ഇറക്കുമതി ചെയ്ത തോട്ടണ്ടിയുടെ ഔട്ട് ടേണിൽ കുറവുണ്ടായിരുന്നില്ല. അതേസമയം മൊസാംബിക്ക് തോട്ടണ്ടിയുടെ ഔട്ട് ടേണിൽ ഉണ്ടായ കുറവിന്റെ അടിസ്ഥാനത്തിൽ ഫൈനൽ ബില്ലിൽ 96978.14 ഡോളറിന്റെ കുറവ് വരുത്തിയിട്ടുണ്ട്. ഘാന തോട്ടണ്ടിയുടെ ആദ്യ ഇറക്കുമതിയിൽ ഔട്ട് ടേണിൽ ഉണ്ടായ കുറവിന്റെ അടിസ്ഥാനത്തിൽ ഫൈനൽ ബില്ലിൽ 59321.32 ഡോളറിന്റെ കുറവ് വരുത്തിയിട്ടുണ്ട്. കരാറിൽ ഇതിനു വ്യവസ്ഥയുണ്ട്. |

[signature]

സെക്ഷൻ ഓഫീസർ